നാലുവരിപ്പാതകൾക്ക് നിർദ്ദേശിച്ചിട്ടുള്ള വീതിയും ഇളവുകളും

*10 [365] ശ്രീ. ഉമേഷ് ചള്ളിയിൽ:
" കെ. കെ. ഷാജു:
" എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകൾ നവീകരിക്കുമ്പോൾ നാലുവരി പാതകൾക്ക് നിർദ്ദേശിക്കപ്പെട്ട വീതി എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് അനുവദിക്കപ്പെട്ട ഇളവുകൾ എന്തൊക്കെയാണ്?

മരാമത്തു വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ദേശീയപാത നലുവരിയായി നവീകരിക്കുന്നതിനുവേണ്ടി ബൈപ്പാസിൽ 45 മീറ്റർ വീതിയും മറ്റു സ്ഥലങ്ങളിൽ 30 മീറ്റർ വീതിയുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ എൻ.എച്ച്.എ.ഐ.-യെ നാഷണൽ ഹൈവേ അതോറ്റി ഓഫ് ഇന്ത്യ) 4-ഉം 6-ഉം വരി പാതയ്ക്കുവേണ്ടി 60 മീറ്റർ വീതിയിൽ സ്ഥലമെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇളവുകളൊന്നും അനുവദിക്കപ്പെട്ടിട്ടില്ല.

ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് വികസനം

*11 [366] ശ്രീ. കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് വികസനം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ;

(ബി) റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുവരെ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly